(സി) ഇങ്ങനെ ആരംഭിക്കുന്ന യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ സബ്സിഡിയും പ്രത്യേക ആനുകൂല്യങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്):*

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഓരോ പഞ്ചായത്തിലും ഒരു കേന്ദ്രീകൃത തൊഴിൽ സംരംഭ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേന്ദ്രാവിഷ്കൃത സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്. ജി. എസ്. വൈ.) പ്രകാരം സ്വയം സഹായ സംഘങ്ങൾക്കും വ്യക്തികൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പയും സബ്സിഡിയും ലഭ്യമാക്കുന്ന പദ്ധതി 1999-2000 സാമ്പത്തിക വർഷം മുതൽ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷവും തുടരുന്നതാണ്.

(സി) എസ്. ജി. എസ്. വൈ. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സ്വയം സഹായ സംഘങ്ങൾക്കും സബ്സിഡി നൽകുന്നുണ്ട്. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കൂടുതൽ സബ്സിഡിയും പ്രത്യേക ആനുകൂല്യങ്ങളും നൽകുന്ന കാര്യം സംസ്ഥാനതലത്തിൽ പരിഗണിക്കാൻ കഴിയുകയില്ല.

മത്സ്യഭവനുകൾ

*15 [283] *ശ്രീ. എം. കുമാരൻ:*

,, *എൻ. രാജൻ:*

,, *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോൾ മത്സ്യഭവനുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഓരോ ജില്ലയിലും എത്രവീതം;

(ബി) ഈ മത്സ്യഭവനുകൾ കൊണ്ടുള്ള പ്രയോജനം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ എന്തെല്ലാം പദ്ധതികൾ ഈ മത്സ്യഭവനുകൾ വഴി നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) 100 (നൂറ്) മത്സ്യഭവനുകൾ പ്രവർത്തിക്കുന്നുണ്ട്.

1. തിരുവനന്തപുരം	15
2. കൊല്ലം	10
3. ആലപ്പുഴ	19
4. കോട്ടയം	2
5. എറണാകുളം	14
6. തൃശ്ശൂർ	9
7. മലപ്പുറം	9
8. കോഴിക്കോട്	11
9. കണ്ണൂർ	7
10. കാസർഗോഡ്	4
ആകെ	100

(ബി) സംസ്ഥാന മത്സ്യവകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏകജാലക സമ്പ്രദായത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി മത്സ്യഭവനുകൾ പഞ്ചായത്ത്/ മുനിസിപ്പൽ വാർഡ് തലത്തിൽ പ്രവർത്തിച്ചു വരുന്നതുവഴി അവർക്ക് സേവനം ലഭ്യമാകേണ്ട കാലതാമസം ഒഴിവാക്കുന്നു. (വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(സി) ഫിഷറീസ് വകുപ്പിന്റെ സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരമുള്ള വീട്, വീടിന്റെ അറ്റകുറ്റപ്പണി, സാനിട്ടേഷൻ മുതലായവ മത്സ്യഭവനുകൾവഴി നടപ്പിലാക്കി വരുന്നു. കൂടാതെ സുനാമി ദുരന്തത്തെ തുടർന്ന് നഷ്ടം സംഭവിച്ചവർക്കുള്ള ഫിഷറീസ് വകുപ്പ് വഴിയുള്ള വ്യത്യസ്ത ധനസഹായങ്ങളും നൽകി വരുന്നു.

† അനുബന്ധം I, I എ, I ബി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I, I (എ), I (ബി)

[21-7-2005 - ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 15 (*283) കാണുക]

ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതി

1. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് തൊഴിലാളി ഒന്നിന് 40,000 രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു. ഇത് 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നടപ്പ് സാമ്പത്തികവർഷം 600 ലക്ഷം രൂപ ഇതിനായിനത്തിൽ വിനിയോഗിക്കുന്നതാണ്. 1500 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

2. കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചമാസത്തിൽ ഒരു സാമ്പത്തികാശ്വാസം എന്ന നിലയിൽ നടപ്പിലാക്കിവരുന്ന ഒരു 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഒന്നേകാൽ ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ മത്സ്യഭവൻ മുഖേന ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു.

3. അടിസ്ഥാന വികസന സൗകര്യങ്ങളായ ഹാർബറിംഗ് സെന്റർ, ഹാർബറിംഗ് ഹാർബർ, റോഡുകൾ എന്നിവയുടെ നടത്തിപ്പിനായി 1225 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചു.

4. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് 250 ലക്ഷം രൂപ വിദ്യാഭ്യാസഗ്രാന്റ് നൽകുന്നതിന് നടപ്പു സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ മത്സ്യഭവൻ ഓഫീസുകളിൽ നിന്നും ലഭിക്കുന്നില്ല.

5. ആശുപത്രി, ഇൻഡ്രൈവെറ്റ്, കുടിവെള്ള വിതരണം, വൈദ്യുതീകരണം എന്നിവ തീരദേശ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം.

6. ചെറുകിട സംരംഭങ്ങൾ

സ്വയംസഹായസംഘങ്ങൾവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ സ്വയം സഹായസംഘങ്ങളെ മത്സ്യഭവൻവഴി കണ്ടെത്തുന്നതാണ്.

7. സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ഉണക്കമത്സ്യം, മാവിച്ചുര, വിനവല, കുറ്റിവല, കണ്ടൽച്ചെടികൾ തുടങ്ങിയവയുടെ നഷ്ടപരിഹാരം.

8. കടൽ രക്ഷാപ്രവർത്തനം

മത്സ്യത്തൊഴിലാളികൾക്ക് ഏതെങ്കിലും അത്യാഹിതം സംഭവിക്കുമ്പോൾ ആവശ്യമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന മത്സ്യഭവൻ ഓഫീസർമാരെ

GPM. 2/566/2012—59

LIBRARY ARCHIVES Kerala Legislative Assembly

സമീപിക്കാൻ കഴിയുന്നു. മത്സ്യഭവനിലുള്ള വകുപ്പ് / മത്സ്യഫെഡ് / മത്സ്യബോർഡ് ഉദ്യോഗസ്ഥർ കൺട്രോൾ റൂമുമായി ബന്ധപ്പെടുകയും രക്ഷാ പ്രവർത്തനത്തിനുള്ള സജ്ജീകരണങ്ങൾ കൺട്രോൾ റൂം ഒരുക്കുകയും ചെയ്യുന്നു.

I (എ)

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

(1) ബാങ്കബിൾ സ്കീം

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ലോൺ ലഭ്യമാക്കുക. ലോണിന്റെ 25% സബ്സിഡി നൽകും.

(2) മോട്ടറൈസേഷൻ സ്കീം

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉടമസ്ഥതയിലുള്ള നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് അവർ വാങ്ങുന്ന ഒ. ബി. എം. എൻജിനുകളുടെ വിലയുടെ 50%-മോ 10000 രൂപയോ ഏതാണ് കുറവ് ആ തുക സബ്സിഡിയായി നല്കുന്നു. (50% കേന്ദ്രാവിഷ്കൃത പദ്ധതി)

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും പുതിയവ വാങ്ങുന്നതിനും 25% സബ്സിഡി നൽകുന്നു.

(3) വല വിതരണം

വിവിധ തരത്തിലുള്ള മത്സ്യബന്ധന രീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ വലകൾ വാങ്ങുമ്പോൾ ഒരു മത്സ്യത്തൊഴിലാളിക്ക് 6000 രൂപ സബ്സിഡി നൽകുന്നു.

(4) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

മത്സ്യബന്ധനോപകരണങ്ങൾ മാറ്റിനൽകൽ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി എന്നിവ ഉൾപ്പെടുന്നു.

(5) എൻ. സി. ഡി. സി.

മത്സ്യത്തൊഴിലാളി പ്രാഥമിക സംഘങ്ങൾ നടത്തുന്ന തീരദേശ മത്സ്യബോധത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾക്ക് സംഘങ്ങളുടെ ശുപാർശ അനുസരിച്ച് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പകൾ വിതരണം ചെയ്യുന്ന പദ്ധതി.

(6) എൻ. ബി. സി. എഫ്. ഡി. സി./ എൻ. എം. ഡി. എഫ്. സി. എന്നിവയുടെ ധനസഹായത്തോടുകൂടിയുള്ള സ്വയംതൊഴിൽ പദ്ധതികൾക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകി നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നടപ്പുവർഷം 200 ലക്ഷം രൂപ ഈയിനങ്ങളിൽ വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി മത്സ്യമേഖലയിൽ വിതരണം ചെയ്യുന്നതാണ്.

(7) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റായി ലഭിച്ച 99.83 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ മത്സ്യത്തൊഴിലാളി വനിതാ സംഘങ്ങൾവഴി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകവഴി 1000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

(8) വിവിധ ഇൻഷ്വറൻസ് സുരക്ഷാ പദ്ധതികൾ

(എ) മത്സ്യത്തൊഴിലാളി സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള പ്രീമിയം തുക അടച്ച തൊഴിലാളികൾക്കുവേണ്ടി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അപകട മരണത്തിന് 1.50 ലക്ഷം രൂപയാണ് നഷ്ടപരിഹാരത്തുക.

(ബി) വിവിധ വായ്പാ പദ്ധതികൾവഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവവഴി ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി മത്സ്യഫെഡ് ഉപകരണ സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

അനുബന്ധം I (ബി)

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളി അംഗത്വം നൽകൽ

ഓരോ വർഷവും സെപ്റ്റംബർ മാസം 1-ാം തീയതി മത്സ്യത്തൊഴിലാളികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും പട്ടികയിൽ ഉൾപ്പെട്ടവരെക്കുറിച്ച് ഏതെങ്കിലും ആക്ഷേപമുണ്ടെങ്കിലും അവ അറിയിക്കുന്നതിനും മത്സ്യഭവനുകളിൽ ഉള്ള ഫിഷറീസ് ഓഫീസർമാർക്ക് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷകൾ മത്സ്യഭവൻ ആഫീസിൽവച്ച് തീർപ്പ് കൽപ്പിക്കുന്നതുമാണ്.

1. ഗ്രൂപ്പ് ഇൻഷ്വറൻസ്

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകടമരണത്തിനും, കാണാതാകുന്നവരുടെ ആശ്രിതർക്കും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും ഒരു ലക്ഷം രൂപയും, സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും നൽകിവരുന്നു. ഇൻഷ്വറൻസ് പുതുക്കുന്നതു വരെ 10-9-2002 മുതൽ ഉണ്ടാകുന്ന അപകട മരണത്തിനും അവശതയ്ക്കും കാണാതാകലിനും ബോർഡിൽനിന്ന് നേരിട്ട് ധനസഹായം വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. അപകട ചികിത്സാധനസഹായം

അപകടംമൂലം 24 മണിക്കൂറെങ്കിലും ആശുപത്രിയിൽ ചികിത്സ ആവശ്യമായി വരുന്നവർക്ക് ചികിത്സാ ചെലവിലേക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം പരമാവധി 2000 രൂപ നൽകിവരുന്നു.

3. മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം; ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മത്സ്യത്തൊഴിലാളികൾ മരണമടയുകയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൻപ്രകാരമുള്ള ധനസഹായത്തിന് അർഹതയില്ലാതെ വരുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ അവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായമായി 20,000 രൂപ നൽകിവരുന്നു.

4. വിവാഹ ധനസഹായം

ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൗജന്യ ധനസഹായമായി 1500 രൂപ നൽകിവരുന്നു. മത്സ്യത്തൊഴിലാളികളായ പുരുഷൻമാർക്കും സ്ത്രീകൾക്കും വിധവയായ മാതാവിനും ഈ ധനസഹായം ലഭിച്ചിട്ടില്ലാത്ത പെൻഷണർമാർക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

5. വാർദ്ധക്യകാല പെൻഷൻ

60 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ബോർഡിൽനിന്ന് വാർദ്ധക്യകാല പെൻഷനായി പ്രതിമാസം 120 രൂപ നൽകുന്നു. അപേക്ഷകന്റെ വ്യക്തിഗത വാർഷിക വരുമാനം 5,000 രൂപയിൽ കവിയരുത്.

6. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം

ആശ്രിതരുടെ മരണാനന്തര ചെലവുകൾക്കായി 600 രൂപ നൽകുന്നു.

7. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായപദ്ധതി

അപകടംമൂലം ചുരുങ്ങിയത് 7 ദിവസത്തേക്കെങ്കിലും ചികിത്സാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെവന്നാൽ ഈ പദ്ധതിപ്രകാരം പരമാവധി 500 രൂപ ധനസഹായം ലഭിക്കും.

8. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം

60 വയസ്സിൽ താഴെയുള്ള പ്രവർത്തുൻമുഖ മത്സ്യത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് 5000 രൂപ സൗജന്യമായി ധനസഹായം നൽകുന്നു. നിയമാനുസൃത ആശ്രിതർ ഇല്ലാത്തപക്ഷം മരണാനന്തര ചെലവുകൾ വഹിച്ച ആൾക്ക് 1000 രൂപ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9. എസ്. എസ്. എൽ. സി. ക്യാഷ് അവാർഡ് തുടർ വിദ്യാഭ്യാസത്തിന് ധനസഹായം

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാനതലത്തിൽ എസ്. എസ്. എൽ.സി. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് 5000 രൂപയും രണ്ടാം സ്ഥാനക്കാരന് 3000 രൂപയും ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ വീതവും നൽകുന്നു. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പഠനം തുടരുന്നതിന് രണ്ട് അദ്ധ്യയന വർഷത്തേക്ക് പ്രതിമാസം 100 രൂപ വീതം നൽകുന്നു.

10. കുടുംബ സംവിധാനപദ്ധതി

ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഭർത്താവോ ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയമായാൽ തുടർന്നുള്ള ശുശ്രൂഷകൾക്ക് 500 രൂപ ധനസഹായം നൽകുന്നു.

11. മാരകരോഗ ചികിത്സാപദ്ധതി

കാൻസർ, ഹൃദ്രോഗം, വൃക്കരോഗം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കുള്ള പരമാവധി ധനസഹായമായി 50,000 രൂപ നൽകിവരുന്നു. തളർവാതത്തിന് 12,000 രൂപയും മാനസികരോഗത്തിന് 5,000 രൂപയും പരമാവധി ധനസഹായമായി നൽകുന്നു. മത്സ്യബോർഡിൽ അംഗത്വമെടുത്ത് 5 വർഷം തുടർച്ചയായി വിഹിതമടച്ചാലേ മേൽപദ്ധതിപ്രകാരം ധനസഹായം ലഭിക്കുകയുള്ളൂ.

12. ചെയർമാൻസ് വിവിധ ഫണ്ട്

അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ, കാലവർഷക്കെടുതികൾ മുതലായവമൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുമ്പോൾ അടിയന്തിര ദുരിതാശ്വാസ ധനസഹായമായി 2500 രൂപവരെ (കഷ്ടനഷ്ടങ്ങളുടെ സ്വഭാവമനുസരിച്ച്) ധനസഹായം നൽകുന്നു.

13. നേത്ര ചികിത്സാപദ്ധതി

വളരെ വിജയകരമായി പൂർത്തിയാക്കിയ ഈ പദ്ധതിപ്രകാരം ഇപ്പോൾ അത്യാവശ്യസന്ദർഭങ്ങളിൽ നേത്രചികിത്സയ്ക്കുള്ള ധനസഹായം നൽകുന്നു.

14. ബോർഡിന്റെ പ്രത്യേക ധനസഹായം

പദ്ധതി മാർഗ്ഗരേഖകൾപ്രകാരം ധനസഹായത്തിന് അർഹരായിട്ടുകിലും ശോച നീയമായ കുടുംബ പരിതഃസ്ഥിതി, മാനുഷിക പരിഗണനകൾ എന്നിവ കണക്കിലെടുത്ത് ക്ഷേമനിധി ബോർഡ് തീരുമാനപ്രകാരം പ്രത്യേക ധനസഹായ ങ്ങളും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

15. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായപദ്ധതി

മത്സ്യത്തൊഴിലാളി വനിതകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും അവരുടെ ആദ്യത്തെ രണ്ട് പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായങ്ങളും നൽകിവരുന്നു.

16. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനപദ്ധതി

ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ സംസ്ഥാനതലത്തിൽ 1, 2, 3 ഗ്രൂപ്പുകളിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപ വീതവും മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് 3,000 രൂപ വീതവും ക്യാഷ് അവാർഡും മെരിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു.

17. മത്സ്യത്തൊഴിലാളി വൈഡൻസ് സെന്റർ പദ്ധതി

ക്ഷേമപദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുക, അപേക്ഷകളും അനുബന്ധ രേഖകളും തയ്യാറാക്കുക തുടങ്ങിയ സഹായങ്ങൾ ചെയ്യുന്നതിനുവേണ്ടി മത്സ്യഭവനുകളോടനുബന്ധിച്ച് മത്സ്യബോർഡ് വൈഡുകളെ ഈ പദ്ധതിപ്രകാരം നിയോഗിക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളും വിദ്യാസമ്പന്നരായ വനിതകളെയോ വികലാംഗരായ യുവാക്കളെയോ ആണ് നിയോഗിക്കുക. ഇവർക്ക് ആവശ്യമായ മലയാളം ടൈപ്പ്റൈറ്റർ, മേശ, കസേര, സ്റ്റേഷനറി സാധനങ്ങൾ എന്നിവ സൗജന്യമായി നൽകുന്നു. സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയാണിത്.

18. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി

മത്സ്യബോർഡ്, മത്സ്യഫെഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികസനക്ഷേമ പരിപാടികളെക്കുറിച്ച് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ അറിവ് നൽകുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഇതിലേക്കായി പദ്ധതി സംബന്ധിച്ച വീഡിയോ കാസറ്റുകൾ, പാംഫ്ലെറ്റുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഭവന സന്ദർശനം, കോർണർ യോഗങ്ങൾ, സെമിനാറുകൾ എന്നിവ മുഖേനയാണ് ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നത്.

19. ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്ക് പുരസ്കാരം

മത്സ്യത്തൊഴിലാളി എന്ന നിലയിൽ ദീർഘകാലം മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും സാമൂഹ്യമായി നല്ല പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ മേഖലാടിസ്ഥാനത്തിൽ കണ്ടെത്തി പുരസ്കാരം നൽകി ആദരിക്കുന്നു. ഈ പദ്ധതിപ്രകാരം മത്സ്യബോർഡിന്റെ മൂന്ന് മേഖലകളിൽനിന്നും ഓരോ ശ്രേഷ്ഠ മത്സ്യത്തൊഴിലാളിക്കും 10,001 രൂപയും പൊന്നാടയും നൽകുന്ന പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

20. വിധവാ പെൻഷൻ

മത്സ്യബോർഡിൽ അംഗത്വമെടുത്ത് വിഹിതമടച്ചശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതിപ്രകാരമുള്ള പെൻഷൻ ഒരു ഗഡുപോലും വാങ്ങുന്നതിന് മുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് പ്രതിമാസം 120 രൂപ പെൻഷൻ നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

21. അംഗവൈകല്യമുള്ളവരും മാനസിക വളർച്ചയില്ലാത്തവരുമായ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉപകരണങ്ങളും വികിത്സാ ചെലവിലേക്കു മായി പരമാവധി 5000 രൂപവരെ ധനസഹായം നൽകുന്നു.

22. സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ.

അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ

അനുബന്ധത്തൊഴിലാളികൾക്കായി 9 ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദവിവരം താഴെ രേഖപ്പെടുത്തുന്നു:

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

അപകടംമൂലം മരണമടയുന്ന അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർക്ക് 1,00,000 രൂപയും, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശതയനുഭവി ക്കുന്നവർക്ക് 1,00,000 രൂപയും, സ്ഥിരവും ഭാഗികവുമായ അവശതയനുഭവി ക്കുന്നവർക്ക് 50,000 രൂപയും നൽകുന്നു. ഇൻഷ്വറൻസ് പുതുക്കുന്നതുവരെ 10-9-2002 മുതൽ ഉണ്ടാകുന്ന അപകടമരണത്തിനും അവശതയ്ക്കും കാണാതാകലിനും ബോർഡിൽനിന്ന് നേരിട്ട് ധനസഹായം വിതരണം ചെയ്യുന്നതാണ്.

അപകടംമൂലം ആശുപത്രി ചികിത്സ ആവശ്യമായിവരുന്നവർക്ക് ചികിത്സാ ചെലവിലേക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം പരമാവധി 2,000 രൂപ നൽകിവരുന്നു.

2. വാർദ്ധക്യകാല പെൻഷൻ പദ്ധതി

60 വയസ്സ് പൂർത്തിയാകുന്ന അനുബന്ധത്തൊഴിലാളികൾക്ക് പ്രതിമാസം 75 രൂപ വീതം പെൻഷൻ നൽകുന്നതിനുള്ള പദ്ധതി നടപടികൾ പൂർത്തിയായി വരുന്നു.

3. അനുബന്ധത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതം അടച്ചുവരുന്ന മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റു പദ്ധതികൾപ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് 5,000 രൂപ ധനസഹായമായി നൽകുന്ന പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

4. പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായത്തിനുള്ള പദ്ധതി

മത്സ്യബന്ധന അനുബന്ധത്തൊഴിലാളിയായി അംഗത്വമെടുത്തിട്ടുള്ള സ്ത്രീത്തൊഴിലാളികൾക്ക് പ്രസവ ശുശ്രൂഷയ്ക്ക് 750 രൂപ ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

5. എസ്. എസ്. എൽ. സി. അവാർഡ്

അനുബന്ധത്തൊഴിലാളികളുടെ കുട്ടികൾക്ക് എസ്. എസ്. എൽ. സി. പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന രണ്ട് പേർക്ക് 5,000 രൂപ, 3,000 രൂപ ക്രമത്തിലും ജില്ലാതലത്തിൽ ഓരോ ആൾക്ക് 2,000 രൂപ വീതവും അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് അടുത്ത വർഷത്തെ പഠനത്തിനായി പ്രതിമാസം 100 രൂപ വീതം പോക്കറ്റ് മണിയും ലഭിക്കും. ഈ പദ്ധതി 2001-ലെ പരീക്ഷ മുതൽ നടപ്പിലാക്കുന്നതാണ്.

6. രോഗചികിത്സാ ധനസഹായം

അനുബന്ധത്തൊഴിലാളികളുടെ രോഗചികിത്സയ്ക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി 21-5-2002 മുതൽ പ്രാബല്യത്തിൽ വരുകയുണ്ടായി. താഴെപ്പറയുന്ന രോഗങ്ങൾക്കാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്:

ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ (പരമാവധി 25,000 രൂപ) തളർവാതം, സ്വബോധം നഷ്ടപ്പെട്ട മാനസികരോഗി (പരമാവധി 10,000 രൂപ), വനിതാ അനുബന്ധത്തൊഴിലാളിക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് (പരമാവധി 5,000 രൂപ).

7. വിവാഹ ധനസഹായം

മത്സ്യബന്ധനമേഖലയിലെ അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി 1500 രൂപ.

8. കുടുംബ സംവിധാന പദ്ധതി

മത്സ്യബന്ധനമേഖലയിലെ അനുബന്ധത്തൊഴിലാളികൾക്ക് കുടുംബ സംവിധാന പദ്ധതി 500 രൂപ.

9. മരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി

മരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി പ്രതിമാസം 75 രൂപ.

LIBRARY ARCHIVES Kerala Legislative Assembly